STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.102/PR/SPMC/PHQ/2026 Date:26.02.2026

# സേനയ്ക്ക് കരുത്തായി

# 371 പേർ കൂടി കർമ്മപഥത്തിലേയ്ക്ക്

കണ്ണൂർ മാങ്ങാട്ടുപറമ്പ ആസ്ഥാനമായുള്ള കേരള ആംഡ് പോലീസ് നാലാം ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ നടന്ന സംയുക്ത പാസിംഗ് ഔട്ട് പരേഡിൽ 371 പുതിയ അംഗങ്ങൾ കൂടി കേരള പോലീസിൻറെ ഭാഗമായി.

സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

പരമ്പരാഗത പൊലീസിംഗ് രീതികളിൽ നിന്നും തികച്ചും വ്യത്യസ്തമായ അന്തരീക്ഷത്തിലേക്കാണ് പോലീസ് സേനയിൽ പുതുതായി ചേരുന്നവർ എത്തുന്നതെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു. കുറ്റകൃത്യങ്ങൾ യഥാർത്ഥ ലോകത്തിൽ നിന്നും വിർച്ചൽ ലോകത്തിലേക്കു മാറുന്ന അവസ്ഥയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു ഘട്ടത്തിൽ സേനയിലേക്ക് വരുന്ന ഓരോരുത്തരും ഡിജിറ്റൽ സാങ്കേതിക ലോകത്തെ മാറ്റങ്ങൾ അറിഞ്ഞിരിക്കണമെന്നും ആദ്ദേഹം ചൂണ്ടിക്കാട്ടി.

മലബാർ സ്പെഷ്യൽ പോലീസ്, കേരള ആംഡ് പോലീസ് രണ്ട്, നാല് ബറ്റാലിയനുകൾ, ഇന്ത്യാ റിസർവ് ബറ്റാലിയൻ എന്നിവിടങ്ങളിൽ പരിശീലനം പൂർത്തിയാക്കിയ 371 റിക്രൂട്ട് സേനാംഗങ്ങളാണ് പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്.

മലബാർ സ്പെഷ്യൽ പോലീസ് ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ എം.എസ്.പിയിലെ 75 ഉം കെ.എ.പി അഞ്ചാം

ബറ്റാലിയനിലെ 53 റിക്രൂട്ട് സേനാംഗങ്ങളും കേരള ആംഡ് പോലീസ് രണ്ടാം ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ 133ഉം, കേരള ആംഡ് പോലീസ് നാലാം ബറ്റാലിയനിൽ നിന്നുള്ള 95 പേരും  ഇന്ത്യാ റിസർവ് ബറ്റാലിനിൽ നിന്നുള്ള 15പേരും  ഉൾപ്പെടെ 371 റിക്രൂട്ട് സേനാംഗങ്ങളാണ് പരേഡിൽ പങ്കെടുത്തത്.

സാഹിൽ ബാബു നയിച്ച പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡ് ശരത് കെ.എസ് ആയിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് സംസ്ഥാന പോലീസ് മേധാവി പുരസ്കാരം വിതരണം ചെയ്തു.

എം.എസ്.പി ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് അർജുൻ കെ.വി ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി തെരഞ്ഞെടുത്ത ശരത് കെ.എസ് തന്നെയാണ് മികച്ച ആൾ റൗണ്ടറും. മികച്ച ഷൂട്ടറായി അഭിലാഷ് പിയെ തെരഞ്ഞെടുത്തു.

കെ.എ.പി രണ്ടാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് ജിത്തു .ബി ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി ആഷിഫ് .എ തെരഞ്ഞെടുക്കപ്പെട്ടു.  സിജോ റ്റി.ജെ ആണ് മികച്ച ഷൂട്ടർ. മികച്ച ആൾ റൗണ്ടറായി അശ്വിൻ കെ നായറിനേയും  തെരഞ്ഞെടുത്തു.

കെ.എ.പി നാലാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് അശ്വന്ത് മുരളീധരൻ ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി ആനന്ദ്.എ തെരഞ്ഞെടുക്കപ്പെട്ടു. അശ്വന്ത് വി.എം ആണ് മികച്ച ഷൂട്ടർ. ഹരികൃഷ്ണൻ റ്റി.വി മികച്ച ആൾ റൗണ്ടറായും തെരഞ്ഞെടുക്കപ്പെട്ടു.

കെ.എ.പി അഞ്ചാം ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് അബിൻ എസ് അമ്പാട്ടാണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി സാക്ജിൻ റെജി തെരഞ്ഞെടുക്കപ്പെട്ടു. രാഹുൽ കെ.ആർ ആണ് മികച്ച ഷൂട്ടർ. ജോമോൻ ജോയ് മികച്ച ആൾ റൗണ്ടറായും തെരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യാ റിസർവ് ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ട അഭിറാം എം. തന്നെയാണ് മികച്ച ആൾ റൗണ്ടറും. മികച്ച ഔട്ട്ഡോർ കേഡറ്റായി രഞ്ജിത്ത് .ആർ തെരഞ്ഞെടുക്കപ്പെട്ടു. വിനീത് വിജയൻ ആണ് മികച്ച ഷൂട്ടർ.

ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ദിനേന്ദ്ര കശ്യപ്, ഐ.ജി എസ്.സതീഷ് ബിനോ, ഡി.ഐ.ജി ഹരി ശങ്കർ, മറ്റ് ഉന്നത പോലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പരിശീലനാർത്ഥികളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**********************


CORAL


PASSING OUT PARADE - 2026





